# കേരള ബജറ്റ് 2025-26

**ഒറ്റനോട്ടത്തിൽ**

1. 1,52,352 കോടി രൂപ റവന്യൂ വരവും 1,79,476 കോടി രൂപ റവന്യൂ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റ്.
2. എഫക്ടീവ് മൂലധന ചെലവ് 26,968 കോടി രൂപ
3. റവന്യൂ കമ്മി 27,125 കോടി രൂപ (സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 1.9 ശതമാനം)
4. ധനക്കമ്മി 45,039 കോടി (ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3.16 ശതമാനം)
5. റവന്യൂ വരുമാനത്തിൽ 19422 കോടി രൂപയുടെ വർദ്ധനവ് പ്രതീക്ഷിക്കുന്നു.
6. തനത് നികുതി വരുമാനത്തിൽ 9888 കോടി രൂപയുടെയും നികുതിയേതര വരുമാനത്തിൽ 1240 കോടി രൂപയുടെയും വർദ്ധനവ് ലക്ഷ്യമിടുന്നു.
7. സർവ്വീസ് പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ അവസാന ഗഡുവായ 600 കോടി രൂപ ഫെബ്രുവരിയിൽ വിതരണം ചെയ്യും.
8. ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ രണ്ടു ഗഡു ഈ സാമ്പത്തിക വർഷം തന്നെ അനുവദിക്കും. അവ പി.എഫിൽ ലയിപ്പിക്കും
9. ഡി.എ കുടിശ്ശികയുടെ രണ്ട് ഗഡുക്കളുടെ ലോക്ക് ഇൻ പീരിയഡ് നടപ്പ് സാമ്പത്തിക വർഷത്തിൽ ഒഴിവാക്കി നൽകുന്നു.
10. സംസ്ഥാനത്തെ ദിവസവേതന കരാർ ജീവനക്കാരുടെ വേതനം 5 ശതമാനം വർദ്ധിപ്പിക്കും
11. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പാ പദ്ധതി ശക്തിപ്പെടുത്തും. ബാങ്ക് / ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയ്ക്ക് 2 ശതമാനം പലിശയിളവ് നൽകും. ഇതിനായി 50 കോടി രൂപ വകയിരുത്തി.
12. സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ക്ഷാമബത്ത/ക്ഷാമാശ്വാസം 2025 ഏപ്രിൽ മാസം നൽകും.
13. പങ്കാളിത്ത പെൻഷന് പകരം അഷ്വേർഡ് പെൻഷൻ പദ്ധതി 2025-26 ൽ നടപ്പിലാക്കും.
14. വയനാട് പുനരധിവാസത്തിന് 750 കോടി രൂപയുടെ പദ്ധതി
15. തിരുവനന്തപുരം മെട്രോ റെയിലിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 2025-26 ൽ തുടക്കമാകും.
16. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമീണ മേഖലയിൽ 1 ലക്ഷം വ്യക്തിഗത ഭവനങ്ങളും 19 ഭവന സമുച്ചയങ്ങളും. 1160 കോടി രൂപ.

17. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതം 15,980.49 കോടി രൂപ. 774.99 കോടി രൂപയുടെ വർദ്ധനവ്. പദ്ധതി വിഹിതം 28 ശതമാനമായി ഉയർത്തും.
18. ആരോഗ്യ മേഖലയ്ക്ക് 10431.73 കോടി രൂപ
19. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്ക് 700 കോടി രൂപ
20. റോഡുകൾക്കും പാലങ്ങൾക്കുമായി 4219.41 കോടി രൂപ. ഇതിൽ പദ്ധതിയേതര വിഹിതം
21. വിഴിഞ്ഞം – കൊല്ലം – പുനലൂർ വികസന ത്രികോണത്തിന് 1000 കോടി രൂപ
22. വെസ്റ്റ് കോസ്റ്റ് കനാലിന്റെ സ്വാധീനമേഖലയുടെ സാമ്പത്തിക വികസനത്തിന് 500 കോടി രൂപ
23. ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥിരം ക്യാമ്പസിന് 212 കോടി.
24. കേരളത്തിൽ ജി.പി.യു ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് സ്റ്റാർട്ടപ്പ് മിഷന് 10 കോടി
25. കൊല്ലം ഐ.ടി പാർക്കിന്റെ ആദ്യ ഘട്ടം 2025-26 ൽ പൂർത്തിയാക്കും.
26. കൊട്ടാരക്കരയിൽ പുതിയ ഐ.ടി പാർക്ക്
27. ഏജന്റിക് ഹാക്കത്തോൺ സംഘാടനത്തിന് 1 കോടി രൂപ.
28. സംസ്ഥാന മാധ്യമ അവാർഡ് തുകകൾ ഇരട്ടിയാക്കി. മാധ്യമപ്രവർത്തനത്തിൽ സമഗ്ര സംഭാവനയ്ക്ക് സംസ്ഥാന സർക്കാർ നൽകുന്ന സ്വദേശാഭിമാനി -കേസരി പുരസ്കാര തുക 1 ലക്ഷം രൂപയിൽ നിന്ന് 1.5 ലക്ഷം രൂപയായി ഉയർത്തി
29. കോവളം, മൂന്നാർ, കുമരകം, ഫോർട്ട് കൊച്ചി മേഖലകളിലെ ഒഴിഞ്ഞുകിടക്കുന്ന വീടുകളെ പ്രയോജനപ്പെടുത്തി ടൂറിസം വികസനത്തിന് കെ-ഹോംസ് പദ്ധതി. പ്രാരംഭ ചെലവുകൾക്ക് 5 കോടി
30. കോ വർക്കിംഗ് സ്പേസുകൾ നിർമ്മിക്കാൻ വായ്പാ പദ്ധതിയ്ക്ക് പലിശ സബ്സിഡി നൽകാൻ 10 കോടി.
31. ഹൈഡ്രജൻ ഉൽപ്പാദനത്തിന് ഹൈഡ്രജൻ വാലി പദ്ധതി
32. എഥനോൾ ഉൽപ്പാദന സാധ്യതകൾ പഠിക്കാൻ 10 കോടി രൂപ
33. കൊച്ചി സുസ്ഥിര നഗരഭൂമി പുനക്രമീകരണ പദ്ധതിയ്ക്ക് 10 കോടി
34. മുതിർന്ന പൗരന്മാർക്ക് പുതു സംരംഭങ്ങൾ തുടങ്ങാൻ ന്യൂ ഇന്നിംഗ്സ് പദ്ധതിയ്ക്ക് 5 കോടി.
35. കാലാവധി കഴിഞ്ഞ സർക്കാർ വാഹനങ്ങൾ മാറ്റി വാങ്ങാൻ 100 കോടി രൂപ
36. വിളപരിപാലനത്തിന് 535.90 കോടി രൂപ
37. വിലക്കയറ്റം തടയാൻ വിപണി ഇടപെടലുകൾക്ക് 2063 കോടി
38. കേര പദ്ധതിയ്ക്ക് 100 കോടി രൂപ
39. നെൽകൃഷി വികസനത്തിന് 150 കോടി രൂപ

40. നാളീകേര വികസനത്തിന് 73 കോടി രൂപ
41. മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് 77.99 കോടി
42. മൃഗസംരക്ഷണ മേഖലയ്ക്ക് 317.9 കോടി രൂപ
43. ക്ഷീരവികസനത്തിന് 120.93 കോടി രൂപ
44. 130 കോടിരൂപ ചെലവിൽ കണ്ണൂർ ധർമ്മടം മണ്ഡലത്തിൽ ഗ്ലോബൽ ഡയറി വില്ലേജ്
45. തീരദേശമേഖലയുടെ സമഗ്ര വികസനത്തിന് 100 കോടി രൂപയുടെ പ്രത്യേക പാക്കേജ്
46. കൊല്ലം നീണ്ടകരയിൽ വലനിർമ്മാണ ഫാക്ടറി സ്ഥാപിക്കാൻ 5 കോടി രൂപ
47. പുനർഗേഹം പദ്ധതിയ്ക്ക് 60 കോടി രൂപ
48. 2.36 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി
49. മത്സ്യത്തൊഴിലാളികളുടെ വീട് നവീകരണത്തിന് 10 കോടി
50. വന്യജീവി ആക്രമണം കുറയ്ക്കാൻ വനസംരക്ഷണ പദ്ധതിയ്ക്ക് 75 കോടി
51. കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന് 2 കോടി
52. പെരിയാർ ആനമുടി നിലമ്പൂർ, വയനാട് ആന സങ്കേതങ്ങൾക്കായി 3.5 കോടി
53. ഗ്രാമവികസന മേഖലയ്ക്ക് 7099 കോടി രൂപയുടെ വകയിരുത്തൽ. നടപ്പുവർഷത്തേക്കാൾ 599 കോടി രൂപ അധികം.
54. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അടുത്ത വർഷം 10.50 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കും.
55. പ്രധാൻമന്ത്രി ഗ്രാം സഡക് യോജനയ്ക്ക് സംസ്ഥാന വിഹിതമായി 80 കോടി രൂപ
56. ബ്ലോക്ക് പഞ്ചായത്തുകളിൽ ഇൻഫർമേഷൻ സെന്റർ - 2 കോടി രൂപ
57. അതിദരിദ്രരില്ലാത്ത കേരളം പദ്ധതിയ്ക്ക് ഗ്യാപ് ഫണ്ടായി 60 കോടി രൂപ. നടപ്പുവർഷത്തേക്കാൾ 10 കോടി അധികം. ഇനി ദരിദ്രമുക്തരാക്കേണ്ടത് 11,814 കുടുംബങ്ങളെ.
58. മെട്രോപൊളിറ്റൻ നഗരവികസനത്തിന് കൗൺസിൽ രൂപീകരിക്കും.
59. ഗ്രാമീണ ഉപജീവന മിഷൻ പദ്ധതികൾക്ക് സംസ്ഥാനവിഹിതം 56 കോടി രൂപ.
60. കുടുംബശ്രീ മിഷന് 270 കോടി രൂപ
61. വയനാട് പാക്കേജിന് 85 കോടി രൂപ.
62. ജലസേചനം, വെള്ളപ്പൊക്ക നിയന്ത്രണം, തീരദേശ സംരക്ഷണം എന്നീ പ്രവർത്തനങ്ങൾക്ക് 610 കോടി
63. അരൂർ മേഖലയിൽ വേമ്പനാട്ട് കായലിന്റെ ആഴം കൂട്ടാൻ 10 കോടി രൂപ
64. കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾക്ക് 57 കോടി രൂപ
65. ഊർജ്ജ മേഖലയ്ക്ക് 1157 കോടി രൂപയുടെ വകയിരുത്തൽ

66. വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ പമ്പ്സ് & സ്റ്റോറേജ് പദ്ധതിയ്ക്ക് 100 കോടി രൂപ

67. പാരമ്പര്യേതര ഊർജ്ജമേഖലയ്ക്ക് 67.96 കോടി രൂപ

68. വിദൂര ആദിവാസി ഗ്രാമങ്ങളുടെ വൈദ്യുതീകരണത്തിന് 5 കോടി രൂപ

69. പട്ടികവർഗ്ഗ / ഗോത്ര നഗറുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കാൻ 5 കോടി രൂപ

70. വ്യവസായ മേഖലയ്ക്ക് ആകെ 1831.36 കോടി രൂപയുടെ വകയിരുത്തൽ

71. ചെറുകിട വ്യവസായ മേഖലയ്ക്ക് 254.93 കോടി രൂപ നീക്കിവെച്ചു

72. വയനാട് ക്ലൈമറ്റ് സ്മാർട്ട് കോഫി - പ്രാരംഭ പ്രവർത്തനങ്ങൾക്ക് 3 കോടി രൂപ

73. വാണിജ്യമേഖലയുടെ വികസനത്തിന് 7 കോടി രൂപ

74. കരകൗശല വ്യവസായ മേഖലയ്ക്ക് 4.11 കോടി രൂപ

75. കൈത്തറി യന്ത്രത്തറി മേഖലയ്ക്ക് ആകെ 56.89 കോടി രൂപ

76. ഹാന്റെക്സിന് പുതിയ പുനരുജ്ജീവന പദ്ധതി. 20 കോടി രൂപ നീക്കിവെച്ചു.

77. കൈത്തറി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് 3 കോടി രൂപ

78. കയർ മേഖലയ്ക്കാകെ 107.64 കോടി രൂപ

79. കശുവണ്ടി മേഖല പുനരുജ്ജീവന ഫണ്ടായി 30 കോടി രൂപ

80. കശുവണ്ടി ഉൽപ്പാദന വൈവിദ്ധ്യവൽക്കരണത്തിന് 5 കോടി രൂപ

81. ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് 795.09

82. സൂക്ഷ്മ ചെറുകിട ഇടത്തരം സ്റ്റാർട്ടപ്പുകളുടെയും സ്വയംപര്യാപ്തയും ശാക്തീരണവും ഉറപ്പാക്കാൻ മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയ്ക്ക് 9 കോടി രൂപ

83. പീഡിത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിന് പുതിയ പദ്ധതി- 4 കോടി രൂപ വകയിരുത്തി

84. കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിക്ക് 200 കോടി രൂപ

85. പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര സാമ്പത്തിക പുനഃസംഘടനാ പദ്ധതിയ്ക്ക് 275.10 കോടി രൂപ

86. കൊല്ലം ജില്ലയിൽ പുതിയ വ്യവസായ / ഫുഡ് പാർക്കിന് പ്രാരംഭ ചെലവുകൾക്ക് 5 കോടി.

87. ഐ.ടി മേഖലയ്ക്ക് ആകെ 517.64 കോടിയുടെ വകയിരുത്തൽ

88. കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഫണ്ട് ഓഫ് ഫണ്ടിലേക്ക് 10 കോടി രൂപ അധികം വകയിരുത്തി.

89. ജി.എസ്.ടി രജിസ്ട്രേഷനും റിട്ടേൺ ഫയലിംഗും വർദ്ധിപ്പിക്കാൻ സംസ്ഥാനതല ക്യാമ്പയിൻ

90. ഫിൻടെക് മേഖലാ വികസനത്തിന് 10 കോടി

91. ഐ.ടി പാർക്കുകൾക്കായി 54.60 കോടി രൂപ

92. ഗതാഗത മേഖലയ്ക്ക് ആകെ 2065.01 കോടി രൂപ

93. നോൺ മേജർ തുറമുഖങ്ങളുടെ വികസനത്തിന് 65 കോടി രൂപ

94. 2016 മുതൽ കെ.എസ്.ആർ.ടി.സിയ്ക്ക് നൽകിയത് 18,787.8 കോടി രൂപ.

95. ഹൈദരാബാദിൽ കേരള ഹൗസ് സ്ഥാപിക്കുന്നതിന് പ്രാരംഭ ചെലവുകൾക്കായി 5 കോടി രൂപ

96. കൊല്ലത്ത് മറീന സ്ഥാപിക്കാൻ 5 കോടി രൂപ

97. കോഴിക്കോട് ജില്ലയിൽ പുതിയ ബയോളജിക്കൽ പാർക്കിന് 5 കോടി രൂപ

98. കൊല്ലം ശാസ്താംകോട്ടയിൽ ഇക്കോ ടൂറിസം പദ്ധതിയ്ക്ക് 1 കോടി രൂപ

99. പൊൻമുടിയിൽ റോപ്പ് വേ - സാധ്യതാ പഠനത്തിന് 50 ലക്ഷം രൂപ

100. ട്രക്കിംഗ് പ്രോത്സാഹിപ്പിക്കാൻ വന യാത്രാ പദ്ധതിയ്ക്ക് 3 കോടി രൂപ

101. സൂപ്പർ കമ്പ്യൂട്ടിംഗ് കേന്ദ്രം സ്ഥാപിക്കുന്നതിന് 10 കോടി

102. 500 തദ്ദേശ സ്ഥാപനങ്ങളിലേക്ക് കൂടി നെറ്റ് സീറോ കാർബൺ പദ്ധതി.

103. LSS, USS സ്കോളർഷിപ്പ് പരീക്ഷകൾ ഇനിമുതൽ CM-KIDസ്കോളർഷിപ്പ് (Chief Ministers's Knowledge, Inspiration and Diligence Scholarship)

104. പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ആകെ 2391.13 കോടി രൂപ

105. സ്കൂൾ യൂണിഫോം പദ്ധതിയ്ക്ക് 150.34 കോടി രൂപ

106. ആലപ്പുഴ, കോഴിക്കോട്, എറണാകുളം മെഡിക്കൽ കോളേജുകളിൽ ആധുനിക കാത്ത് ലാബുകൾക്ക് 45 കോടി രൂപ

107. എൻ.എച്ച്.എം പദ്ധതിയുടെ സംസ്ഥാന വിഹിതമായി 100 കോടി രൂപ

108. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് 100 കോടി

109. ഹജ്ജ് ഹൗസിന് 5 കോടി രൂപ

110. തൃശ്ശൂർ പൂരപ്പറമ്പ് അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി

111. നവകേരള സദസ്സിൽ ഉൾപ്പെട്ട അടിസ്ഥാന വികസന പദ്ധതികൾ 800 കോടി

112. പൊതുവിദ്യാലയങ്ങളിൽ നാപ്കിൻ ഇൻസിനറേറ്റർസ്ഥാപിക്കുന്നതിന് 2 കോടി.

113. സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്കും കുടുംബശ്രീ അംഗങ്ങൾക്കും മെൻസ്ട്രുവൽ കപ്പ് നൽകുന്നതിന് 3 കോടി

114. കൊട്ടാരക്കര മഹാഗണപതി ക്ഷേത്രത്തോട് ചേർന്ന് പിൽഗ്രിം ഹൗസും അമിനിറ്റി സെന്ററും നിർമ്മിക്കാൻ 5 കോടി രൂപ

115. ആറന്മുള വള്ളംകളിയുടെ പ്രധാന പവലിയൻ നിർമ്മാണത്തിന് 2 കോടി രൂപ

116. പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് 104 കോടി രൂപ.

117. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയ്ക്ക് 1000 കോടി രൂപ